**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4999** **14-03-2023 - ൽ മറുപടിയ്ക്ക്**

**റെയിൽവേ ലെവൽ ക്രോസുകൾ സൃഷ്ടിക്കുന്ന ഗതാഗത പ്രശ്നങ്ങൾക്കുള്ള പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റെയിൽവേ ലെവൽ ക്രോസുകൾ സൃഷ്ടിക്കുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 72 മേൽപ്പാലങ്ങൾ ആർ.ബി.ഡി.സി.കെ. മുഖേനയും 27 എണ്ണം കെ.ആർ.ഡി.സി.എൽ. മുഖേനയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പദ്ധതി പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. ആർ.ബി.ഡി.സി.കെ. യെ ഏൽപ്പിച്ചിട്ടുള്ള 72 ആർ.ഒ.ബി.കൾ നടപ്പാക്കുന്നത് വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 66 എണ്ണം കിഫ്ബി ഫണ്ടും, 6 എണ്ണം ബഡ്ജറ്റ് ഫണ്ടും ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിൽ കാഞ്ഞങ്ങാട് ആർ. ഒ.ബി.യുടെ നിർമ്മാണം 07.03.2022-ന് പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തു. "ലെവൽ ക്രോസ് മുക്തകേരളം' പദ്ധതിയിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട 10 ആർ.ഒ.ബി.കളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ, ബഡ്ജറ്റ് ഫണ്ടിൽ വരുന്ന ഫറോക്ക്, കാരിത്താസ്, മുളന്തുരുത്തി ആർ.ഒ.ബി.കളുടെ നിർമ്മാണവും പുരോഗമിച്ചു വരികയാണ്. ഈ 13 മേൽപ്പാലങ്ങൾ കൂടാതെ 21 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു വരുന്നു. 8 ആർ.ഒ.ബി. കളുടെ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ മുന്നോട്ട് പോകാൻ കെ.ആർ.ഡി.സി.എൽ. അറിയിച്ചതിനെ തുടർന്ന് 15 ആർ.ഒ.ബി.കളുടെ മുന്നോട്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കെ.ആർ.ഡി.സി.എൽ നെ ഏൽപ്പിച്ചിട്ടുള്ള 27 ആർ.ഒ.ബി / ആർ.യു.ബി കളുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ദ്രുത ഗതിയിൽ പുരോഗമിച്ചുവരുന്നു. മേൽ പറഞ്ഞ ആർ.ഒ.ബി കളിൽ 14 ആർ.ഒ.ബി / ആർ.യു.ബി കളുടെ എസ്റ്റിമേറ്റിനു റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ തൃശ്ശൂരിലെ എൽ.സി. നം 36 നും മലപ്പുറം ജില്ലയിലെ എൽ.സി. നം 12 നും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ആർ.ഒ.ബി / ആർ.യു.ബി കളുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ഡി) | മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയിൽ സമർപ്പിച്ചിട്ടുള്ള ജി.എ.ഡി. യ്ക്ക് അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | റെയിൽവേയുടെ 3rd ലൈൻ അലൈൻമെന്റിൽ വരുന്ന 8 എണ്ണത്തിന്റെ ജി.എ.ഡി.കൾ അംഗീകാരം ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു. സതേൺ റെയിൽവേ (കൺസ്ട്രക്ഷൻ) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്ന ജി.എ.ഡി കൾ ഡിവിഷണൽ മാനേജരുടെ കാര്യാലയത്തിൽ എത്തി സംയുക്ത പരിശോധന നടത്തിയ ശേഷം മദ്രാസ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിയ ശേഷമാണ് അംഗീകാരം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ